നം.ക്യൂ.ഐ.പി.2/47332 /12/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: **04.09.2012.**

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം - സമഗ്ര അദ്ധ്യാപക പരിശീലനം - സംബന്ധിച്ച്.

**സൂചന:-** 03/09/2012-ലെ ക്യൂ.ഐ.പി. സംസ്ഥാനതല യോഗ തീരുമാനം.

...............

സമഗ്ര അദ്ധ്യാപക പരിശീലന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾക്കു വേണ്ടിയുള്ള റവന്യൂജില്ലാ അടിസ്ഥാനത്തിലുള്ള 10 ദിവസത്തെ പരിശീലന പരിപാടി നടത്തി അതിന്റെ വിലയിരുത്തൽ നൽകുകയും ചെയ്തിരുന്നു. ആഗസ്റ്റ് 22,23 തീയതികളിൽ ജില്ലാതല ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റികൾ അദ്ധ്യാപക പരിശീലനത്തിന്റെ തുടർ നടപടികൾ ചർച്ച് ചെയ്യുകയുണ്ടായി. 03/09/2012-ന് ചേർന്ന സംസ്ഥാനതല ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സെപ്റ്റംബർ 12 മുതൽ തുടർച്ചയായി ഡി.ഇ.ഒ. തലത്തിൽ അദ്ധ്യാപക പരിശീലനം ക്രമീകരിക്കേണ്ടതാണ്. ഓരോ ബാച്ചിലും 30 പ്രൈമറി അദ്ധ്യാപകരും 10 ഹൈസ്കൂൾ അദ്ധ്യാപകരും ഉൾപ്പെടുന്ന 40 പേർ വീതം ഉണ്ടായിരിക്കണം. പൊതു അവധി ദിവസങ്ങൾ ഒഴികെ തുടർച്ചയായ 10 ദിവസത്തെ പരിശീലനമാണ് നടത്തേണ്ടത്. പത്തു ദിവസത്തെ പരിശീലനത്തിൽ ആദ്യത്തെ 7 ദിവസം മാനേജ്മെന്റ് പരിശീലനവും 3 ദിവസത്തെ ഐ.സി.റ്റി. പരിശീലനവുമാണ് നൽകേണ്ടത്.

29/09/2012-ന് എല്ലാ ജില്ലകളിലും റവന്യൂ ജില്ലാ അടിസ്ഥാനത്തിലുള്ള ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി കൂടേണ്ടതും നടന്നുകഴിഞ്ഞ പരിശീലനങ്ങളുടെ വിലയിരുത്തലും ഉപജില്ലാ അടിസ്ഥാനത്തിലുള്ള പരിശീലനത്തിന്റെ ആസൂത്രണവും നടത്തേണ്ടതാണ്.

പരിശീലനത്തിൽ പങ്കെടുക്കേണ്ടതായ അദ്ധ്യാപകർക്ക് ഉത്തരവ് വിദ്യാഭ്യാസ ഉപ ഡയറക്ടർ നൽകേണ്ടതും എസ്.സി.ഇ.ആർ.ടി. പരിശീലനം നൽകി ലഭ്യമാക്കിയിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരുടെ പട്ടികയിൽ നിന്നും മുൻഗണനാ ക്രമത്തിൽ ആർ.പി.മാരെ നിയമിക്കേണ്ടതും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരാണ്. പരിശീലന പരിപാടിയുടെ നടത്തിപ്പ്, റെമ്യൂണറേഷൻ/മെസ് അലവൻസ് വിതരണം, ഡ്യൂട്ടി സർട്ടിഫിക്കറ്റ് വിതരണം, രജിസ്ട്രേഷൻ എന്നിവയുടെ ഉത്തരവാദിത്വം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കായിരിക്കും. പരിശീലനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുക, പരിശീലന കേന്ദ്രങ്ങൾ (ബി.ആർ.സി) സജ്ജമാക്കുന്നതിനും പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ പ്രോജക്ട് ആഫീസർ (എസ്.എസ്.എ) എല്ലാ ബി.ആർ.സി. കോ-ഓർഡിനേറ്റർമാർക്കും നൽകേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കും എസ്.എസ്.എ. കഴിഞ്ഞവർഷം നൽകിയ അതേ തോതിൽ തുടർന്നും പ്രതിഫലം നൽകുന്നതായിരിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത ഉണ്ടായിരിക്കു- ന്നതല്ല. പുനർനിയമനം ലഭിച്ച റിട്രഞ്ച്ഡ്/സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരിൽ ആർക്കെങ്കിലും പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ അവരെ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

...2.

ഐ.സി.റ്റി പരിശീലനം ഫലപ്രദമായി നടത്തുന്നതിന് ഐ.റ്റി. @ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കോ-ഓർഡിനേറ്റർമാർ ഇക്കാര്യത്തിൽ ആവശ്യമായ പിൻതുണയും സഹകരണവും നൽകേണ്ടതാണ്.

പരിശീലനം മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാന ജില്ലാ തലങ്ങളിൽ പ്രത്യേക സംവിധാനം ഉണ്ടായരിക്കുന്നതാണ്. ജില്ലാതലത്തിലുളള മോണിറ്ററിംഗ് അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ നേതൃത്വത്തിൽ തീരുമാനിക്കേണ്ടതാണ്.

സമഗ്ര അദ്ധ്യാപക പരിശീലന പരിപാടികളുടെ സുഗമമായ നടത്തിപ്പിനും വിജയത്തിനും ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ, എസ്.എസ്.എ, ജില്ലാ പ്രോജക്ട് ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഐ.റ്റി. @ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ സംയുക്തമായി പ്രവർത്തിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം
04/09/2012.

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ.
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർ.
3. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർ (എസ്.എസ്.എ)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ.
5. എല്ലാ എല്ലാ ഐ.ടി. @ സ്കൂൾ ജില്ലാ കോ ഓർഡിനേറ്റർമാർ.

ഐ.സി.എസ്.04.09.12.